# കേരളസർവകലാശാല

നം.പി.ആർ.163/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല നാളെ (ആഗസ്റ്റ് 3) നടത്താനിരുന്ന പരീക്ഷകൾ മാറ്റി

കേരളസർവകലാശാല നാളെ (03.08.2022) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (തിയറി, പ്രാക്ടിക്കൽ & വൈവ വോസി) മാറ്റിവച്ചു. പുതുക്കിയ പരീക്ഷാത്തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2022
### ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2022-23 അദ്ധ്യയന വർഷത്തിലെ ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് വിവരങ്ങൾ പരിശോധിക്കാവുന്നതാണ് ഓപ്ഷൻ, പ്രൊഫൈൽ & മാർക്ക് ഇംപ്രൂവ്മെന്റ് എന്നിവയിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് 2022 ആഗസ്റ്റ് 5 വരെ സമയം ഉണ്ടായിരിക്കും. ട്രയൽ അലോട്ട്മെന്റ് കഴിഞ്ഞ് വിദ്യാർത്ഥികൾ പ്രൊഫൈലിൽ മാറ്റങ്ങൾ സാധ്യതയുള്ളതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റിൽ മാറ്റങ്ങൾ വരാവുന്നതാണ്

പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ പുതിയ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

(പ്രത്യക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ടൈംടേബിൾ

കേരളസർവകലാശാല 2022 ആഗസ്റ്റ് 19 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ പ്രോഗ്രാമുകളുടെ (2020 അഡ്മിഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 സ്കീം എട്ടാം സെമസ്റ്റർ, ജൂലൈ 2022 ലാബ് പരീക്ഷകൾ ആഗസ്റ്റ് 3 മുതൽ 5 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയ്ക്ക് കീഴിൽ 2023 – 24 അദ്ധ്യയന വർഷത്തേയ്ക്ക് പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച് എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് കേരളസർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരളസർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.keralauniversity.ac.in) അഫിലിയേഷൻ പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിജ്ഞാപനവും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഫിലിയേഷൻ പോർട്ടലിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ആഗസ്റ്റ് 31.

ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം പ്രസ്തുത അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധമായി അപ്‌ലോഡ് ചെയ്തിട്ടുള്ളവയുടെ അസൽ രേഖകളും സഹിതം രജിസ്ട്രാർ, കേരളസർവകലാശാല, സെനറ്റ്ഹൗസ് ക്യാമ്പസ്, പാളയം – 695 034 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ 31.08.2022 നകം എത്തിക്കേണ്ടതാണ്.

പ്രസ്തുത കവറിനു മുകളിലായി പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച്, ഇവയ്ക്കുള്ള അപേക്ഷ (ബാധകമായത്) എന്ന് രേഖപ്പെടുത്തേണ്ടതാണ്. 2022 ആഗസ്റ്റ് 31 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം,
02.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**